# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

## അയിരൂർ പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥനെതിരെ നടപടി

| നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ.3401 | | 22.08.2017-ൽ മറുപടിക്ക് |
|---|---|---|
| **ചോദ്യം**<br>**ശ്രീ.വി.ജോയി** | | **മറുപടി**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) | വർക്കല മണ്ഡലത്തിലെ അയിരൂർ ആർ.എസ്. ഭവനിൽ ശ്രീ.സുനിൽ കുമാറിന്റെ മകൻ പ്ലസ്.വൺ വിദ്യാർത്ഥിയായ ശ്രീ. അജയ്-നെ അയിരൂർ പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥൻ അകാരണമായി മർദ്ദിച്ചുവെന്ന ആരോപണത്തെ തുടർന്ന് പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) |
| ബി) | ഈ വിഷയവുമായി ബന്ധപ്പെട്ട് അയിരൂർ പോലീസ് സ്റ്റേഷനിലെ ഏതെങ്കിലും ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | ബി) ആരോപണവിധേയനായ ഗ്രേഡ് എ.എസ്.ഐ സവാദ്ഖാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതും ടിയാനെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിനായി അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതുമാണ്. |
| സി) | ഈ ഉദ്യോഗസ്ഥനെതിരെ വിദ്യാർത്ഥിയുടെ പിതാവ് ശ്രീ. സുനിൽ കുമാർ നൽകിയ പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണമെന്ത് എന്ന് വ്യക്തമാക്കാമോ; | സി) കേസ്സ് രജിസ്റ്റർ ചെയ്തിട്ടില്ല. അജയ്-നെ വൈദ്യപരിശോധനയ്ക്ക് വിധേയനാക്കാതെ സ്റ്റേഷനിലേക്ക് കൂട്ടികൊണ്ടു വരികയും നടപടി ക്രമങ്ങൾ പാലിക്കാതെ വിട്ടയച്ച നിരുത്തരവാദപരമായ പ്രവൃത്തിക്കാണ് ആരോപണവിധേയനായ ഗ്രേഡ് എ.എസ്.ഐ സവാദ്ഖാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളത്. വിദ്യാർത്ഥിയായ അജയ്-നെ മർദ്ദിച്ചുവെന്നുള്ള ആരോപണത്തിന് പ്രാഥമികമായ തെളിവ് ലഭിക്കാത്തതിനാലാണ് ടി ഗ്രേഡ് എ.എസ്.ഐ-ക്കെതിരെ ക്രൈം കേസ് രജിസ്റ്റർ ചെയ്യാതിരുന്നത്. |

| | | | |
|---|---|---|---|
| ഡി) | ഈ വിഷയവുമായി ബന്ധപ്പെട്ട് പ്രസ്തുത ഉദ്യോഗസ്ഥനെതിരെ വകുപ്പ് തലത്തിൽ എന്തെങ്കിലും ശിക്ഷാ നടപടികൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ; | ഡി) | ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടിക്ക് ഉത്തരവായിട്ടുണ്ട്. |
| ഇ) | ഈ ഉദ്യോഗസ്ഥനെതിരെ മുൻകാലത്ത് സസ്പെൻഷൻ തുടങ്ങി മറ്റ് അച്ചടക്ക നടപടികൾ എന്തെങ്കിലും സ്വീകരി ച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | ഇ) | ടിയാൻ മറ്റ് അച്ചടക്ക നടപടികൾക്ക് വിധേയനായിട്ടില്ല. |
| എഫ്) | ഈ ഉദ്യോഗസ്ഥനെതിരെ വിദ്യാർത്ഥി യുടെ പിതാവ് ശ്രീ. സുനിൽകുമാർ തിരുവനന്തപുരം റൂറൽ എസ്.പി. യ്ക്ക് സമർപ്പിച്ച പരാതിയിന്മേൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | എഫ്) | വിദ്യാർത്ഥിയുടെ പിതാവ് തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിക്ക് സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുള്ളതും ആയ തിന്റെ അടിസ്ഥാനത്തിൽ ആരോപണ വിധേയനായ ഗ്രേഡ് എ.എസ്.ഐ സവാദ്ഖാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് വകുപ്പുതല അന്വേഷണം നടത്തി വരുന്നതുമാകുന്നു. |

**സെക്ഷൻ ഓഫീസർ**